(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പോലീസ് ഉദ്യോഗസ്ഥരുടെ അവിഹിത സ്വത്ത് സമ്പാദനത്തെക്കുറിച്ച് 10 വിജിലൻസ് അന്വേഷണങ്ങളും 23 കോൺഫിഡൻഷ്യൽ വെരിഫിക്കേഷനും സർക്കാർ നിർദ്ദേശപ്രകാരം നടത്തിയിട്ടുണ്ട്. ഇതിൽ മൂന്ന് വിജിലൻസ് അന്വേഷണങ്ങളിലും 9 കോൺഫിഡൻഷ്യൽ വെരിഫിക്കേഷനുകളിലും കണക്കിൽ കവിഞ്ഞ സ്വത്തു സമ്പാദിച്ചുവെന്നുള്ള ആരോപണം തെളിയിക്കപ്പെടാത്തതിനാൽ നടപടികൾ ഒന്നും തന്നെ ശുപാർശ ചെയ്തിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃതസ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ മൂന്നു വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് വകുപ്പിലെ അഴിമതിയും കൈക്കൂലിയും നിരീക്ഷിക്കുവാനും കണ്ടു പിടിക്കുവാനും ഉള്ള നടപടികൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്വീകരിച്ചിട്ടുണ്ട്. വിവരം ലഭിക്കുന്ന പക്ഷം മിന്നൽ പരിശോധനകൾ നടത്തിയും, ട്രാപ്പുകൾ നടത്തിയും അഴിമതിക്കാരെ കണ്ടെത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

നാട്ടറിവുകളും പാരമ്പര്യ സിദ്ധികളും സംരക്ഷിക്കാൻ സംവിധാനം

*19 [502] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി, ഭവനനിർമ്മാണം, വാദ്യ സംഗീതം, ശില്പകല, മൃഗപരിപാലനം, ഔഷധസസ്യ സംരക്ഷണം, ആരോഗ്യ ശുചിത്വപാലനം എന്നീ മേഖലകളിലെ നാട്ടറിവുകളും പാരമ്പര്യസിദ്ധികളും സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) കേരളത്തിന്റെ വിവിധ മേഖലകളിൽ ഉള്ള ഗ്രാമപ്രദേശങ്ങളിലെ ജൈവ വൈവിദ്ധ്യ സംബന്ധിയായ നാട്ടറിവുകൾ സമാഹരിക്കാൻ എന്തെങ്കിലും ശ്രമങ്ങൾ നടന്നുവരുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) വിവിധ ആദിവാസി ഗോത്രങ്ങളുടെ പാരമ്പര്യസിദ്ധമായ നാട്ടറിവുകൾ ശേഖരിച്ച് സൂക്ഷിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) പാരമ്പര്യമായി സിദ്ധ-ആയുർവേദ ചികിത്സാ മേഖലയിൽ പ്രവർത്തിക്കുന്ന കുടുംബങ്ങളിൽ നിന്ന് നാട്ടറിവുകളും പൈതൃക സിദ്ധികളും ശേഖരിച്ച് സൂക്ഷിക്കാൻ ധനസഹായം നൽകുന്ന പദ്ധതി തയ്യാറാക്കുമോ;

(ഇ) നാട്ടറിവുകൾക്കും പൈതൃക സിദ്ധികൾക്കും പേറ്റന്റ് അന്യാധീനപ്പെട്ട് പോകാതിരിക്കാൻ ഔദ്യോഗിക സംവിധാനം ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) കൃഷിക്കും ഔഷധ സസ്യവ്യാപനത്തിനുമായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് ധനസഹായം നൽകിവരുന്നുണ്ട്. വാദ്യസംഗീത, ശില്പകല തുടങ്ങിയവ സംരക്ഷിക്കുവാൻ കേരള ഫോക്‌ലോർ അക്കാഡമി നാട്ടറിവുകൾ പ്രത്യേക പുസ്തകരൂപത്തിൽ ക്രോഡീകരിക്കുവാൻ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പരമ്പരാഗത നാട്ടറിവുകൾ സംബന്ധിച്ചുള്ള പുസ്തകങ്ങളും താളിയോലകളും അക്കാദമി ലൈബ്രറിയിലും മ്യൂസിയത്തിലും സൂക്ഷിച്ചിട്ടുള്ളതുമാണ്. മൃഗ പരിപാലന ത്തിലെ നാട്ടറിവുകൾ കിർത്താഡ്സിൽ ശേഖരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ ചികിത്സാരീതികൾ പാരമ്പര്യമായി കൈമാറുന്നതാകയാൽ ആയതു സംരക്ഷിക്കുവാനായി വൈദ്യന്മാർക്ക് പരിശീലനവും ധനസഹായവും നൽകുന്നുണ്ട്.

(ബി) സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഈ ബോർഡിന്റെ കീഴിൽ മറ്റു കാര്യവൃത്തികളോടൊപ്പം നാട്ടറിവുകൾ സമാഹരിക്കുവാനുള്ള ശ്രമം ഉണ്ടായിരിക്കുന്നതാണ്.

(സി) ഇക്കാര്യത്തിൽ കോഴിക്കോട്ടുള്ള കീർത്താഡ്സുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) ഇതിനുള്ള പദ്ധതി ഇപ്പോൾ തന്നെ നിലവിൽ ഉള്ളതാണ്.

(ഇ) സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഒരു പേറ്റന്റ് ഇൻഫർമേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതു മുഖേന പേറ്റന്റുകളെപ്പറ്റിയുള്ള അവബോധനം, പേറ്റന്റ് സെർച്ചിനുള്ള സംവിധാനം എന്നിവ ചെയ്തുവരുന്നു.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തിനുള്ള വികസന പദ്ധതികൾ

1 [3370] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ധനകാര്യവകുപ്പ് മന്ത്രിയും റയിൽവേ വകുപ്പ് മന്ത്രിയും 2004-05 വർഷത്തേക്ക് പാർലമെന്റിൽ അവതരിപ്പിച്ച ബഡ്ജറ്റുകളിലെ വികസന പദ്ധതി നിർദ്ദേശങ്ങളിൽ കേരളാ ഗവൺമെന്റ് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന വികസന പദ്ധതി കൾ എല്ലാം ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനം കേന്ദ്രത്തിൽ ഉന്നയിച്ചുകൊണ്ടിരുന്ന ഏതെല്ലാം ആവശ്യ ങ്ങളാണ് രണ്ട് ബഡ്ജറ്റുകളിലും പരിഗണിക്കപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ.

LIBRARY ARCHIVES Kerala Legislative Assembly